ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കേന്ദ്രഗവൺമെൻറ് ചില സഹായങ്ങൾ ചെയ്യുമെന്നു പറഞ്ഞു. റെക്കറിംഗ് എക്സ്പെൻറിച്ചറിന് തുടർച്ചയായി ഈ ആനുകൂല്യം തരുമോ, അതോ ആദ്യം രണ്ടു മൂന്നു ലക്ഷം രൂപ തന്നിട്ട് പിന്നീട് അത് സ്റ്റേറ്റ് ഗവൺമെൻറിന്റെ തലയിലാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പത്തു കൊല്ലത്തേക്കാണ് കേന്ദ്രഗവൺമെൻറ് സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്.

ശ്രീ. പി. ആർ. ശിവൻ: പതിനൊന്നു പേരെ ഡിസ്ട്രിക്റ്റ് മാനേജർമാരായി നിയമിച്ചിട്ടുള്ളതിൽ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രൊമോഷൻ വഴി വന്നിട്ടുള്ളവർ എത്ര; പുറമേനിന്നും നിശ്ചയിച്ചിട്ടുള്ളവർ എത്ര എന്നു വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മൂന്നു പേരെയാണ് പ്രത്യേക ഇൻറർവ്യൂ നടത്തി എടുത്തിട്ടുള്ളത്. ബാക്കിയുള്ളവർ സർവ്വീസിലുണ്ടായിരുന്നവരാണ്.

ശ്രീ. ഇ. പി. ഗോപാലൻ: കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള പാറ്റേൺ അതേപടി അംഗീകരിക്കുകയാണോ, അതല്ല, അതോടൊപ്പം സംസ്ഥാനത്തിന്റെ പ്രായോഗിക നിർദ്ദേശങ്ങൾകൂടി നടപ്പിലാക്കുകയാണോ ചെയ്യുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ സംസ്ഥാനങ്ങളുടേയും പ്രായോഗികതകൂടി സ്വീകരിക്കുന്നതിന് കേന്ദ്രഗവൺമെൻറിന് മടിയില്ല. പൊതുവായും ചെയ്യുന്നത് കേന്ദ്രഗവൺമെൻറിന്റെ പാറ്റേൺ അനുസരിച്ച് തന്നെയാണ്.

നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനിൽനിന്നും മുളവെട്ടിക്കൊണ്ടു പോയതായി പരാതി

*681 [738] ശ്രീ. എം. വി. രാഘവൻ:
,, ചടയൻ ഗോവിന്ദൻ:
,, പി. ആർ. ശിവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകളിൽനിന്ന് ഈയടുത്തകാലത്ത് വ്യാപകമായ തോതിൽ മുള വെട്ടിയിറക്കി പെർമിറ്റില്ലാതെ കടത്തിക്കൊണ്ടുപോയതായ ആക്ഷേപത്തെത്തുടർന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് വെളിവാക്കുന്ന വിവരങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ; എന്തൊക്കെ നടപടി?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) തെങ്കര, എടവണ്ണ ചുങ്കത്തറ റേഞ്ച് I, ചുങ്കത്തറ റേഞ്ച് II, കാളികാവ് എന്നീ റേഞ്ചുകളിൽ മുള മുറിക്കുന്നതിലും മുറിച്ചുകൊണ്ടു പോകുന്നതിന് പാസ് കൊടുക്കുന്നതിലും കൃത്രിമങ്ങൾ നടന്നിട്ടുള്ളതായി കാണുന്നു. സ്വകാര്യ പട്ടയ ഭൂമികളിൽനിന്നും മുള മുറിച്ചുകൊണ്ടുപോകുന്നതിന് സ്ഥലം പരിശോധിക്കാതെയും അപേക്ഷകരെ തിരിച്ചറിയാതെയും ധാരാളം പാസ്സുകൾ അനുവദിച്ചുകൊടുത്തിട്ടുള്ളതായും പ്രസ്തുത പാസ്സുകൾ ഉപയോഗിച്ച് നിക്ഷിപ്ത വനഭൂമിയിൽനിന്നും മുള വെട്ടി കടത്തിക്കൊണ്ടുപോയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണ വിധേയമായി താഴെപ്പറയുന്ന റേഞ്ച് ഓഫീസർമാരെ സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്: 1. ശ്രീ. ആർ. ദണ്ഡപാണി, 2. ശ്രീ. എം. ജി. നാരായണൻ 3. എം. മൊയ്തീൻ. വീഴ്ചവരുത്തിയ മറ്റു കീഴുദ്യോഗസ്ഥൻമാരുടെ പേരിൽ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. പി. ആർ. ശിവൻ: നിലമ്പൂർ ഡിവിഷനിൽപെട്ട സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽനിന്നും മുള കടത്തിക്കൊണ്ടുപോകുന്നതിനുള്ള പാസ് വഴിയാണ് വനഭൂമിയിലെ മുള കടത്തിക്കൊണ്ടുപോകുന്നത് എന്നുള്ള വസ്തുത പരിഗണിച്ച് പാസ് ഇഷ്യൂ ചെയ്യുന്ന കാര്യത്തിൽ ഇപ്പോഴെങ്കിലും പ്രത്യേക നിർദ്ദേശം ഏർപ്പെടുത്തീട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ കാര്യത്തിൽ ആവശ്യമായ നടപടി എടുത്തുകൊണ്ടിരിക്കുന്നതേ ഉള്ളൂ. ഇത് വളരെ കർശനമായി കൈകാര്യം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ.

ശ്രീ. പി. ആർ. ശിവൻ: നിലമ്പൂർ ഡിവിഷനിൽ ഈയിടെ അവസാനമായി നടത്തിയ ലേലത്തുക കൂടിപ്പോയിയെന്നുള്ളതുകൊണ്ട് ഈ ലേലത്തുക കുറച്ചുകിട്ടുന്നതിനുള്ള ശ്രമത്തിന്റെ പേരിൽ എന്തെങ്കിലും നിവേദനം ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെ കുറയ്ക്കണമെന്ന നിവേദനം കിട്ടിയിട്ടില്ല. സാധാരണരീതിയിൽ ലേലം നടന്നുകഴിഞ്ഞാൽ കൂടിയവരുണ്ടെങ്കിൽ രണ്ടാമത് നടത്തണമെന്നു പറഞ്ഞുകൊണ്ട് മറ്റുള്ളവരെക്കൊണ്ടു പെറ്റീഷൻ അയപ്പിക്കും. വിവിധതരത്തിലുള്ള ധാരാളം പെറ്റീഷനുകൾ കിട്ടാറുണ്ട്.

ശ്രീ. കെ. പി. രാമൻ: മുളവെട്ടി പെർമിറ്റ് ഇല്ലാതെ കടത്തിക്കൊണ്ടുപോകൽ, മറ്റു മരങ്ങൾ മുറിച്ച് കടത്തികൊണ്ടുപോകൽ, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരെ ഭീഷണിപ്പെടുത്തൽ, കാട്ടിൽ താമസിക്കുന്ന ആദിവാസികളെ ശല്യപ്പെടുത്തൽ ഇത്തരം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതായി അറിയുവാൻ ഇടയായത് നിലമ്പൂർ വനത്തിൽ നിന്നാണ്. ഇവിടെ മാത്രം ഇങ്ങനെ നടക്കുന്നതിന് വല്ല പ്രത്യേക കാരണവും ഉണ്ടോ, അപ്പുറത്തിരിക്കുന്ന മുസ്ലിം ലീഗിലെ ഒരു മെമ്പർ ഇടയ്ക്കിടയ്ക്ക് നിലമ്പൂർ വനം സന്ദർശിക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നു കേൾക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞ ഭാഗങ്ങളെ സംബന്ധിക്കുന്ന ചില പരാതികളും കിട്ടിയിട്ടുണ്ട്. അതെല്ലാം പരമാവധി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട മെമ്പർമാരുമായി ഫോറസ്റ്റിന്റെ നടപടിക്രമത്തെ സംബന്ധിച്ചും ഫോറസ്റ്റ് സംരക്ഷിക്കേണ്ടതിന്റെ കാര്യത്തെ സംബന്ധിച്ചും ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം കർശനമായി നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നതായ എല്ലാ മെമ്പർമാരുമില്ലെങ്കിലും അതിൽ താൽപ്പര്യമുള്ളവർ വനത്തെസംബന്ധിച്ച് പല കാര്യങ്ങളും പറയാറുണ്ട്. അതിൽ സ്വീകാര്യമായിട്ടുള്ളത് സ്വീകരിക്കാറുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: വനസംരക്ഷണത്തിന്റെ കാര്യത്തിൽ ഈ സഭയുടെ എല്ലാഭാഗത്തുനിന്നും എല്ലാസഹകരണങ്ങളും വേണമെന്നു പറഞ്ഞല്ലോ. മുളയുടെ കാര്യത്തിൽ ചുങ്കത്താറ, തെങ്കര മുതലായ റേഞ്ചുകളിൽനിന്നാണ് വെട്ടിക്കൊണ്ടു പോയിട്ടുള്ളത്. ഇതിനു വേണ്ടി ഉപയോഗിച്ച പെർമിറ്റ് ഒറ്റപ്പാലം താലൂക്കിലും പ്രദേശങ്ങളിലും ഉള്ള ആളുകളുടെ പേരിൽ കൊടുത്തിരുന്നതാണ്. ആ പെർമിറ്റുപയോഗിച്ച് മണ്ണാർക്കാട് താലൂക്കിലെ വനത്തിൽനിന്നും നിലമ്പൂർ താലൂക്കിലെ വനത്തിൽനിന്നും മുള മുറിച്ചുകൊണ്ടു പോകുന്നതിന് എങ്ങനെ സഹകര്യപ്പെടുത്തീയെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: വ്യാജമായിട്ടുള്ള പാസുകളുണ്ട്. വ്യാജമായി ഇത് കൊണ്ടുപോകാനുള്ള സഹായം ചെയ്തുകൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്ത് വിശദമായ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. കർശനമായി നടപടി എടുക്കുന്നുണ്ട്. ഈ സഭയിലുള്ള എല്ലാവരുടേയും കാര്യമായ സഹായമില്ലെങ്കിൽ ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ വിഷമമാണ്. രണ്ടുതരത്തിലുള്ള അഭിപ്രായം പറയും. ആളുകളെ ഇറക്കിക്കഴിഞ്ഞാൽ പത്തുകൊല്ലം മുമ്പ് കയറിയവരാണെന്ന് പറയും. വിവിധ തരത്തിൽ പറയുന്നുണ്ട്. ഇതേക്കുറിച്ച് പരിശോധിച്ച് പരമാവധി നമ്മുടെ വനം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. പി. വി. മൂസ: നിലമ്പൂർ വനങ്ങളിൽനിന്ന് മുള മാത്രമല്ല ഈട്ടിത്തടികളും മുറിച്ച് കള്ളക്കടത്ത് നടത്തുന്നുണ്ടെന്നും ചില രാഷ്ട്രീയ പ്രമാണിമാർ കാശ് ഉണ്ടാക്കുന്നു എന്നും പത്രറിപ്പോർട്ട് വന്നിട്ടുണ്ട്. ആ വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത്തരം കള്ളക്കടത്ത് അവസാനിപ്പിക്കാൻ കർശനമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈട്ടിത്തടിയും ആനക്കൊമ്പും മറ്റും കള്ളക്കടത്ത് നടത്തുന്നുവെന്ന് പരാതികൾ വരുന്നുണ്ട്. പത്രത്തിൽ വരുന്ന പരാതികളെല്ലാം എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതെല്ലാം പബ്ലിക് റിലേഷൻ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്താറുണ്ട്. ഈ കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പലർക്കും അറിയാവുന്നതുപോലെയുള്ള പരാധീനതകൾ—നമ്മുടെ ഡിപ്പാർട്ടുമെന്റിന്റേയും നമ്മുടെതന്നെ പെരുമാറ്റത്തിലുള്ള കഴിവുകേടുകൊണ്ടും ചില പോരായ്മകൾ—വരുന്നുണ്ട്. അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: നിലമ്പൂർ സ്പെഷ്യൽ ഡിവിഷനിൽ എല്ലാ റേഞ്ചു് ആഫീസർമാരും ഫോറസ്റ്റർമാരും ഗാർഡ്സും മുള കള്ള ക്കടത്ത് നടത്തുന്നതിലും മരം മുറിക്കുന്നതിലുമെല്ലാം പങ്കാളികളാണ്. ചില ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തു. ഇനിയും വല്ലവരേയും സസ്പെൻറ് ചെയ്യാൻ കഴിയുമോ എന്നു് പരിശോധിക്കുവാനും സസ്പെൻറ് ചെയ്യാൻ കഴിയാത്ത ആളുകളെ മുഴുവൻ അവിടെനിന്നും സ്ഥലം മാറ്റാനും തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴം ഒരു ഉത്തരം പറയാൻ കഴിയുകയില്ല. അവിടെയുള്ള മുഴുവൻ ആളുകളും തെറ്റുകാരാണോ എന്നു് ഇപ്പോഴം പറയാൻ പറ്റുകയില്ല. വളരെ വിശദമായ പരിശോധന വേണ്ടിവരും. ഇതേപ്പറ്റി പരിശോധിക്കാനായിട്ടു് അയച്ച ഒരാളെയും സസ്പെൻറ് ചെയ്തിരിക്കുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പരിശോധിക്കാനയച്ച ആളെ സസ്പെൻറ്ചെയ്തുവെന്നു് പറഞ്ഞു. ഇനി അയാളുടെ കാര്യം പരിശോധിപ്പാനയക്കുന്ന ആളേയും ചിലപ്പോഴം സസ്പെൻറ് ചെയ്യേണ്ടിവരും. സ്ഥിരമായി ഒരുദ്യോഗത്തുതന്നെ നിന്നാൽ ഈ കള്ളവിനു് നേതൃത്വം കൊടുക്കും. ഒരുസ്ഥലത്തു് ഇത്ര കൊല്ലം നിർത്തണമെന്നുള്ള ഉത്തരവു് ഫോറസ്റ്റർ ആഫീസറുടെ കാര്യത്തിലെങ്കിലും പരിപാലിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കൃത്യമായി ഇത്രകൊല്ലം ഒരുദ്യോഗസ്ഥനെ ഒരു സ്ഥലത്തു് നിർത്തണമെന്നുള്ള പ്രിൻസിപ്പിൾ ഫോറസ്റ്റർ ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ പരിഗണിക്കുമോയെന്നാണെങ്കിൽ അതു് വിഷമമാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്ഥിരമായി വളരെക്കാലം നിൽക്കുന്നതുകൊണ്ടാണു് കുഴപ്പമുണ്ടാകുന്നതു്. അതുകൊണ്ടു് ഇവരെ മാറി കുഴപ്പത്തിന്റെ വേരു് പിടിപ്പിക്കാത്ത മട്ടിലുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ശങ്കർ: വിജിലൻസ് ആഫീസർമാരിലൊരാളെ പണ്ടു് നാലു് പ്രാവശ്യം സസ്പെൻറ് ചെയ്തിരുന്നുവെന്നു് പറയുന്നുണ്ടു്. കുറെ പ്രാവശ്യം സസ്പെൻറ് ചെയ്താൽ ഇനി അയാളെ ഒരിക്കലും എടുക്കുകയില്ലെന്ന തീരുമാനമെടുത്തുകൂടെ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ കേസും പരിശോധിക്കാം. ഫോറസ്റ്റർ ആകുമ്പോൾ മാറ്റം വരുത്തണമോ, എന്തുമാത്രം ഫലപ്രദമായ നടപടി സ്വീകരിക്കണം, ഡിപ്പാർട്ടുമെൻറ് തന്നെ കുറേക്കൂടി കാര്യക്ഷമമാക്കണമോ എന്നെല്ലാമുള്ള കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പർമാരുടെ എല്ലാ നിർദ്ദേശങ്ങളും പരിശോധിക്കുന്നതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഏറ്റവും വലിയ പെരുങ്കള്ളൻമാരെയുമെയും വലിയ കള്ളൻമാരില്ലാത്ത ജില്ലയിലേക്കു് ട്രാൻസ്ഫർ ചെയ്യാൻ തയ്യാറാകുമോ?

(ഉത്തരം പറഞ്ഞില്ല.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: അനേഷിക്കാൻ വിട്ട ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തു എന്നുപറഞ്ഞു. പ്രതിപക്ഷത്തിൻെറ സഹകരണം വേണമെന്നുപറഞ്ഞു. എന്തു സഹകരണവും തരാൻ ഞങ്ങൾ തയ്യാറാണ്. ഇതുമൂലം ഈ സംസ്ഥാനത്തിന് എത്ര കോടി രൂപ നഷ്ടം വന്നിട്ടുണ്ട്. ആ നഷ്ടം ഉദ്യോഗസ്ഥൻമാരിൽനിന്നോ മാറുള്ളവരിൽ നിന്നോ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എത്ര കോടി രൂപ നഷ്ടം വന്നു എന്ന് ഇപ്പോൾ പറയാൻ പറ്റുകയില്ല. ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുന്നതിന് ചില പ്രത്യേക നടപടിക്രമമുണ്ട്. അതനുസരിച്ചേ ചെയ്യാൻ കഴിയൂ. ഈ കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാം.

ശ്രീ. എസ്. തങ്കപ്പൻപിള്ള: നമ്മുടെ സംസ്ഥാനത്തെ വനങ്ങളിൽ നിന്നും വിലപിടിപ്പുള്ള സാധനങ്ങൾ കള്ളക്കടത്ത് നടത്തുന്നത് ഉദ്യോഗസ്ഥൻമാരുടെ പൂർണ്ണമായ പിന്തുണയോടുകൂടിയാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുള്ള കേസിൽ അവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അനേഷിക്കാൻവിട്ട ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തുവെന്ന് പറഞ്ഞു. അദ്ദേഹത്തെ വ്യക്തമായ തെളിവുണ്ടായിട്ടാണോ സസ്പെൻറ് ചെയ്തത്. കള്ളക്കടത്ത് നടത്തുന്നതിന് കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കുറ്റമുണ്ടെന്ന് പ്രഥമദൃഷ്ട്യാ തോന്നുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. രാജൻ: മുളയും മരങ്ങളും കുറവുപോകുന്നതുപോലെ കാട്ടിലുള്ള മൃഗങ്ങളും ആദിവാസികളും ചിലപ്പോൾ കുറവുപോകുന്നുവെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെയൊരു പ്രത്യേക കേസ് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. എ. എ. റഹിം: ഗവൺമെൻറ് അനേഷിക്കാൻവിട്ട ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തു എന്നു പറഞ്ഞു. അതുപോലെതന്നെ കശുവണ്ടികടത്തികൊണ്ടുപോയത് പിടിച്ചു എന്നു പറഞ്ഞു. അങ്ങനെയുള്ള കേസുകളെ സംബന്ധിച്ച് പത്രത്തിൽ ന്യൂസ് വരുത്തുകയും പിന്നെ അവരെ തിരിച്ചെടുക്കുകയും അവർക്ക് പ്രമോഷൻ കൊടുക്കുകയും ചെയ്യുന്നു. ഈ ഏർപ്പാട് ഇല്ലാതാക്കാൻ ശ്രമിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെ ഉറപ്പ് പറയാൻ കഴിയുകയില്ല. ഒരു കേസിൻെറ പ്രഥമദൃഷ്ട്യാ തോന്നിയ കുറ്റത്തിൻെറ അടിസ്ഥാനത്തിലാണ് ശിക്ഷണനടപടി സ്വീകരിക്കുന്നത്. അവർക്ക് പറയാനുള്ള കാര്യങ്ങളെല്ലാം കേട്ട് ട്രൈബ്യൂണലിൻെറ മുമ്പിലോ കോടതിയിലോ പോയിക്കഴിഞ്ഞിട്ട് അവർ നിരപരാധികളാണെന്ന് തീരുമാനിച്ചാൽ തിരിച്ചെടുക്കാതിരിക്കാൻ നിവൃത്തിയില്ലാതെ വരും. നിയമപരമായ പ്രശ്നം കൂടി നോക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം: സമ്മർദ്ദത്തിന്റെ പേരിൽ സമ്മർദ്ദത്തിനു വിധേയമാകാതിരിക്കാൻ കഴിയുമോ? നിയമത്തിന്റെ പേരിൽ നടത്തേണ്ടി വരും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ കാര്യങ്ങളും കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കാം.

ശ്രീ. പി. പി. എസ്തോസ്: ഫോറസ്റ്റിലുള്ള മുളയും തടിയുമെല്ലാം നിരന്തരമായി കടത്തിക്കൊണ്ടുപോകുന്നു എന്നുള്ളത് പരമാർത്ഥമാണ്. വണ്ണാപ്പുറത്തെ കേസും ഇതുമായി ബന്ധപ്പെട്ടതാണ്. ഇതു തടയാൻ ബാധ്യതപ്പെട്ട ഫോറസ്റ്റുദ്യോഗസ്ഥൻമാർ സഹായിക്കുന്നു. പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഈ പ്രദേശത്തെ തടികയും വെട്ടിക്കൊണ്ടുപോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെതിരായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശ്രദ്ധയിൽപെടുത്തിയാൽ നടപടി സ്വീകരിക്കാം. വണ്ണാപ്പുറത്ത് സംഭവം ശ്രദ്ധയിൽപെട്ട അവസരത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു. ഉദ്യോഗസ്ഥൻമാർക്ക് തടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ചോദ്യം 739 ചോദിച്ചില്ല)

സഹകരണമേഖലയിലെ വ്യവസായ യൂണിറ്റുകൾ

*682 [740] ശ്രീ. പി. ബാലൻ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, ജി. പി. മംഗലത്തുമഠം:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണമേഖലയിൽ ആരംഭിച്ചിട്ടുള്ള എത്ര വ്യവസായ യൂണിറ്റുകൾ ഇന്ന് പ്രവർത്തന രഹിതമായിത്തീർന്നിട്ടുണ്ട്;

(ബി) ഈ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ഗവൺമെന്റിന് ഒട്ടാകെ എത്ര സംഖ്യ മൂലധനമെന്ന നിലയിലും മറ്റുനിലയ്ക്കിലും ചെലവായിട്ടുണ്ട്;

(സി) ഈ യൂണിറ്റുകളെ വീണ്ടും പ്രവർത്തനക്ഷമമാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ, ബി, സി,) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കേരളത്തിൽ സഹകരണ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള നിരവധി വ്യവസായ യൂണിറ്റുകൾ ഇന്ന് മൂലധനത്തിന്റെ അഭാവം മൂലവും മറ്റ്, പ്രോൽസാഹനക്കുറവ് മൂലവും പ്രവർത്തനരഹിതമായിട്ടുണ്ട്. അവയെല്ലാം പുനരുദ്ധരിക്കുന്നതിന് ഒരു പരിപാടി ഗവൺമെന്റ് തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly